# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

### ചോദ്യം നം. 777 09.08.2017 -ലെ മറുപടിക്ക്

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.പി.ഉബൈദുള്ള | ശ്രീ.എ.കെ.ബാലൻ<br>ബഹു. പട്ടികജാതി പട്ടികവർഗ്ഗപിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാലർമെന്ററി കാര്യവും വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കാലഹരണപ്പെട്ട നിയമങ്ങൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | 17.11.2007-ലെ ജി.ഒ.(എം.എസ്) 253/2007/നിയമം സർക്കാർ ഉത്തരവ് പ്രകാരം ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ അദ്ധ്യക്ഷനായി ഒരു നിയമപരിഷ്കരണ കമ്മീഷൻ രൂപീകരിച്ചിരുന്നു. കമ്മീഷന്റെ റിപ്പോർട്ട് 29.01.2009-ന് സർക്കാരിന് സമർപ്പിച്ചിരുന്നു. കമ്മീഷൻ റിപ്പോർട്ടിലെ വിവിധ നിർദ്ദേശങ്ങളിൽ കാലഹരണപ്പെട്ട 107 നിയമങ്ങൾ റദ്ദാക്കുന്നതിന് ശുപാർശ ചെയ്തിരുന്നു. പ്രസ്തുത 107 ആക്ടുകളിൽ ബന്ധപ്പെട്ട ഭരണ വകുപ്പുകൾ റദ്ദാക്കേണ്ടതില്ല എന്ന് അഭിപ്രായപ്പെട്ട 5 ആക്ടുകൾ ഒഴിവാക്കി 102 ആക്ടുകൾ ഒഴിവാക്കുന്നതിനുള്ള "2016-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ" 14-ാം കേരള നിയമസഭയുടെ 34-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ; അവരുടെ ശുപാർകൾ സർക്കാരിനു സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രധാനപ്പെട്ട ശുപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | കേരളത്തിൽ നിലവിലുള്ള നിയമങ്ങൾ പരിശോധിച്ച് കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനും, കാലഹരണപ്പെട്ടവ ഉണ്ടെങ്കിൽ ആയവ ഒഴിവാക്കുന്നതിനും, പുതുതായി നിയമങ്ങൾ രൂപീകരിക്കേണ്ടതുണ്ടെങ്കിൽ അത് സംബന്ധിച്ചുള്ള |

| | | | |
|---|---|---|---|
| | | | പഠനം നടത്തി ശുപാർശകൾ സമർപ്പിക്കുന്നതിനുമായി 09.03.2017-ലെ സ.ഉ.(എം.എസ്) നം. 45/2017/നിയമം പ്രകാരം ജസ്റ്റിസ് കെ.റ്റി.തോമസ് ചെയർമാനായി കേരള നിയമപരിഷ്കരണ കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മീഷൻ ഇതുമായി ബന്ധപ്പെട്ട് ശുപാർശകൾ ഒന്നും തന്നെ സർക്കാരിന് സമർപ്പിച്ചിട്ടില്ല. |
| (സി) | അതിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം നിയമങ്ങളാണ് പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദാംശം നൽകാമോ? | (സി) | നിലവിൽ കാലഹരണപ്പെട്ട നിയമങ്ങൾ പരിഷ്കരിക്കുന്നതിന് പുതിയ നിർദ്ദേശങ്ങൾ ഒന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ